(ബി) ഈ വ്യവസായ പാർക്ക് ആരംഭിക്കുവാനുള്ള കാലതാമസത്തിന്റെ കാരണം എന്താണ്;

(സി) എത്രയുംവേഗം ഈ വ്യവസായ പാർക്കിന്റെ പ്രവർത്തനം ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ പഴയന്നൂർ പഞ്ചായത്തിൽ വ്യവസായ പാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് റോഡ് ഇല്ലാത്തതിനാൽ വ്യവസായ പാർക്കിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത സ്ഥലമുൾപ്പെടുന്ന നിയോജകമണ്ഡലത്തിലെ ജനപ്രതിനിധിയും ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് ഒരു പോംവഴി കണ്ടെത്താൻ ശ്രമിച്ചുവരുന്നു.

(ബി) വ്യവസായ പാർക്കിലേയ്ക്ക് വഴി ഇല്ലാത്തതിനാലാണ് അടിസ്ഥാന സൗകര്യങ്ങൾ ചെയ്യുവാൻ കഴിയാത്തതും താമസം നേരിടുന്നതും.

(സി) വ്യവസായ പാർക്കിലേയ്ക്കുള്ള വഴിപ്രശ്നം പരിഹരിക്കുന്ന മുറയ്ക്ക് വ്യവസായ പാർക്കിൽ ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ സ്ഥാപിക്കുവാൻ സിഡ്കോയ്ക്ക് നിർദ്ദേശം നൽകുന്നതാണ്.

ബയോടെക്നോളജി പാർക്കുകൾ

49. [503] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ബയോടെക്നോളജി പാർക്കുകൾ എവിടെയെല്ലാം സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) പാർക്കുകൾ ആരംഭിക്കുന്നത് സ്വകാര്യമേഖലയിലാണോ സർക്കാർ മേഖലയിലാണോ;

(സി) ബയോടെക്നോളജി വ്യവസായ രംഗത്ത് കേരളത്തിന്റെ വിഭവശേഷി എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരം ഒരു പഠനം നടത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) കൃഷി ഭക്ഷ്യ മേഖല, മരുന്നു നിർമ്മാണം എന്നീ മേഖലകളിൽ ഇത് എത്ര മാത്രം പ്രയോജനപ്പെടുമെന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തുമോ?

ഉത്തരം

(എ) കേരളത്തിൽ, കിൻഫ്രയുടെ ആഭിമുഖ്യത്തിൽ, കൊച്ചിയിലും തിരുവനന്തപുരത്തുമാണ് ബയോടെക്നോളജി പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പാർക്കുകൾ സ്വകാര്യ പങ്കാളിത്തത്തോടുകൂടി സംയുക്ത മേഖലയിൽ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി ആന്റ് ഡി) ബയോടെക്നോളജി വ്യവസായ രംഗത്ത് കേരളത്തിന്റെ വിഭവശേഷിയെ കുറിച്ച് ഒരു വിശദമായ പഠനം ന്യൂഡൽഹി ആസ്ഥാനമായുള്ള ബയോടെക്നോളജി കൺസോർഷ്യം ഇന്ത്യാ ലിമിറ്റഡ് എന്ന സ്ഥാപനത്തെ കൊണ്ട് കിൻഫ്ര നടത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ബയോടെക്നോളജി പാർക്കുകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ പഠന റിപ്പോർട്ടിൽ താഴെ പറയുന്ന മേഖലകളിൽ ഊന്നൽ നൽകികൊണ്ടുള്ള വികസനമാണ് ശുപാർശ ചെയ്തിരിക്കുന്നത്.

(1) ആരോഗ്യ പരിപാലനം
(2) ഇൻഡസ്ട്രീയൽ ബയോടെക്നോളജി
(3) കൃഷി
(4) മറ്റുള്ളവ :
  (എ) ബയോ ഇൻഫോർമാറ്റിക്സ്
  (ബി) സ്പെഷ്യാലിറ്റി കെമിക്കൽസ്
  (സി) ബയോ ഡീഗ്രേഡബിൾ പ്ലാസ്റ്റിക്സ്

പ്രസ്തുത മേഖലകളിലെ വിപണന സാദ്ധ്യത, സാങ്കേതിക വിദ്യയുടെ ലഭ്യത, നിക്ഷേപകരുടെ താല്പര്യം, അസംസ്കൃത വസ്തുക്കളുടെ ലഭ്യത മുതലായവയെ കുറിച്ച് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്.

ടെക്നോപാർക്ക്

50 [504] ശ്രീ. ടി. പി. എം. സാഹിർ:
" കളത്തിൽ അബ്ദുള്ള:
" സി. മമ്മൂട്ടി:
" ഇ. ടി. മുഹമ്മദ് ബഷീർ:
" ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ടെക്നോപാർക്കിൽ കഴിഞ്ഞ ഒരു കൊല്ലത്തിൽ പുതുതായി പ്രവർത്തനം ആരംഭിച്ച സ്ഥാപനങ്ങൾ ഏതെല്ലാം;

(ബി) ഇവയുടെ പ്രവർത്തനത്തിന് ഗവൺമെന്റ് നൽകിയിട്ടുള്ള സൗകര്യങ്ങൾ എന്തെല്ലാം;

(സി) ഈ സ്ഥാപനങ്ങളിൽ ഇപ്പോൾ എത്ര ജീവനക്കാരുണ്ട്;

(ഡി) കൂടുതൽ പേർക്ക് നിയമനം നൽകുവാൻ സാധ്യതയുണ്ടോ;

(ഇ) എങ്കിൽ സംസ്ഥാനത്തുനിന്നും എത്ര പേർക്ക് നിയമനം ലഭിക്കുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly